**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1535** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി കയ്യേറ്റ കേസുകളിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാറിലെ ഭൂമി കയ്യേറ്റ കേസുകളിൽ നടപടി സ്വീകരിക്കുന്നതിൽ അലംഭാവം പുലർത്തുന്നതായുള്ള ഹൈക്കോടതി നിരീക്ഷണം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | മൂന്നാറിലെ ഭൂമി കയ്യേറ്റ കേസുകളിൽ നപടി സ്വീകരിക്കുന്നതിൽ അലംഭാവം പുലർത്തുന്നതായുള്ള ബഹു.ഹൈക്കോടതി നിരീക്ഷണം ഗൗരവത്തോടെ കാണുന്നു. മേലിൽ ഇത്തരം വീഴ്ചകൾ വരുത്താതിരിക്കുവാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകി വരുന്നതും, നിർദ്ദിഷ്ട നടപടികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തി യഥാവിധി ബഹു.കോടതി ഉത്തരവുകൾ നടപ്പിലാക്കി നടപടി വിവരം സമയക്രമം പാലിച്ച് ബഹു.കോടതി മുമ്പാകെ സമർപ്പിച്ച് വരുന്നതുമാണ്.<br><br>ഇടുക്കി ജില്ലയിലെ മൂന്നാർ മേഖലയിലെ അനധികൃത സർക്കാർ ഭൂമി കൈയ്യേറ്റങ്ങളും/അനധികൃത നിർമ്മാണങ്ങളും, വ്യാജ പട്ടയങ്ങൾ, ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ നിർമ്മിച്ച കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച ഡബ്ല്യൂപി(സി)-1801/2010 നമ്പർ ഹർജിയിലും, അനുബന്ധ ഹർജികളിന്മേലുമുള്ള ബഹു.ഹൈക്കോടതിയുടെ മൂന്നാർ സ്പെഷ്യൽ ബെഞ്ചിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേക്കായും/വ്യാജ പട്ടയങ്ങളുടെ പരിശോധനക്കായും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലായി പ്രത്യേക ദൗത്യ സംഘങ്ങളെ രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കും, യഥാസമയം ബഹു.ഹൈക്കോടതി മുമ്പാകെ നടപടി വിവരം സംബന്ധിച്ച സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിലേക്കുമായി പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതുമാണ്. നിയതമായ ഇടവേളകളിൽ പ്രത്യേക ദൗത്യ സംഘങ്ങളുടെ യോഗം കൂടി പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നതും, |

| | | | |
|---|---|---|---|
| | | | സംഘത്തിന്റെ കാര്യക്ഷമവും, സുഗമവുമായ പ്രവർത്തനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും, മറ്റും ഒരുക്കി നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |
| (ബി) | ഏത് കേസുമായി ബന്ധപ്പെട്ടാണ് ഇപ്രകാരം നിരീക്ഷണം ഉണ്ടായത്; കോടതി നിർദ്ദേശപ്രകാരം ഭൂമി കയ്യേറ്റ കേസുകളിൽ പുനരന്വേഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ബഹു.ഹൈക്കോടതി മുമ്പാകെയുള്ള ഡബ്ല്യൂപി(സി)-1801/2010-ാം നമ്പർ ഹർജിയിലും, അനുബന്ധ ഹർജികളുമായി ബന്ധപ്പെട്ടാണ് ഇപ്രകാരം നിരീക്ഷണം ഉണ്ടായിട്ടുള്ളത്. ബഹു.കോടതി ഉത്തരവുകൾ പ്രകാരമുള്ള അന്വേഷണങ്ങളും, അന്വേഷണത്തിൽ ബോദ്ധ്യപ്പെടുന്ന വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള നിയമാനുസൃത നടപടികളും സ്വീകരിച്ച് വരുന്നതും, നിലവിലുള്ള ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ബഹു.ഹൈക്കോടതി മുമ്പാകെ നടപടി വിവരം സംബന്ധിച്ച സത്യവാങ്മൂലങ്ങൾ സമയക്രമം പാലിച്ച് സമർപ്പിച്ച് വരുന്നതുമാണ്. നിലവിൽ കണ്ടെത്തിയിട്ടുള്ളതും ബഹു.കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ളതുമായ പട്ടികയിലെ കേസുകളിൽ അന്വേഷണ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്ത ഭൂമി കയ്യേറ്റ കേസുകളിൽ പുനരന്വേഷണത്തിന് 12/06/2024 തീയതിയിലാണ് ബഹു.ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. ആയതിൽ പുനരന്വേഷണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മേൽപ്പറഞ്ഞ വിഷയത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | മേൽപ്പറഞ്ഞ വിഷയത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതി മുമ്പാകെയുള്ള ഡബ്ല്യൂപി(സി) 34095/2007 നമ്പർ കേസിലെ 22.05.2024ലെ കോടതി വിധിയിൽ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) ശ്രീ.രാജൻ മധേക്കർ ഐ.പി.എസിന്റെ 01.04.2004ലെ റിപ്പോർട്ടിൽ വ്യാജപട്ടയം നൽകിയതിന് ഉത്തരവാദികളായി പരാമർശിച്ചിരിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ സംബന്ധിച്ച സത്യവാങ്മൂലം സമർപ്പിക്കുവാൻ ഉത്തരവായിരുന്നു. ശ്രീ.രാജൻ മധേക്കർ ഐ.പി.എസിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരിൽ ഭൂരിഭാഗവും സർവ്വീസിൽ നിന്നും വിരമിച്ചവരും ഒരാൾ മരണപ്പെട്ടിരുന്നതും ബാക്കിയുള്ളവർ സ്ഥലം മാറിപ്പോയിരുന്നവരുമാണ് എന്നും ഇടുക്കി ജില്ലയിൽ തന്നെ സേവനത്തിൽ തുടർന്ന് വന്നിരുന്ന ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നതും തുടർന്ന് സേവനത്തിൽ |

| | | | |
|---|---|---|---|
| | | | പുനഃപ്രവേശിപ്പിച്ചിട്ടുള്ളതും ഇവരിൽ ഓരോ വ്യക്തികൾക്കുമെതിരെയുള്ള കുറ്റങ്ങൾ സ്ഥാപിക്കുവാൻ സാധിക്കാതിരുന്നതിനാൽ ഇവർക്കെതിരെ അച്ചടക്ക നടപടി കൈക്കൊണ്ടിട്ടില്ലാത്തതാണ് എന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ